**പാഠം 1 ഡിസംബർ 30-ജനുവരി 5**

# ഭൗതികതയുടെ സ്വാധീനം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന് : 1 യോഹ. 2:16-17; ലൂക്കൊ. 14:26-33; 12:15-21; ആവ. 8:10-14; 1 തിമൊ. 6:10; യോഹ. 15:5; ഗലാ. 2:20.**

**മനഃപാഠവാക്യം: "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമ. 12:2).**

ദൈവവചനം നമ്മോടു പറയുന്നത് നാം ലോകത്തിന് അനുരൂപരാകരുത് എന്നാണെങ്കിലും ഭോഗാസക്തിയുടെ വശീകരണവും ധനത്തോടുള്ള അമിതമായ ആഗ്രഹവും ധനത്തിനു തരുവാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചുള്ള ചിന്തകളും നമ്മിൽ വളരെ ശക്തമാണ്. ഭോഗാസക്തിയുടെ കരാള ഹസ്തങ്ങളിൽനിന്നും മോചനം പ്രാപിച്ചവർ സമ്പന്നരുടെയും ദരിദ്രരുടെയും ഇടയിൽ വളരെ പരിമിതമാണ്. ക്രിസ്ത്യാനികളുടെ കൂട്ടത്തിലും അത് അങ്ങനെ തന്നെ.

കഠിനാധ്വാനത്തിലൂടെ ധനികരായിത്തീരുന്നതിലും അതിലൂടെ കുടുംബത്തെ നന്നായി പോറ്റുന്നതിലും യാതൊരു തെറ്റും ഇല്ല. എന്നാൽ ധനത്തിന്റെ ചിന്തയാലും ധനാർജ്ജന ഉദ്യമങ്ങളാലും മാത്രം ചുറ്റപ്പെടുകയാണെങ്കിൽ നാം പിശാചിന്റെ കെണിയിൽ വീഴുകയും ഈ ലോകത്തിന് അനുരൂപരായിത്തീരുകയും ചെയ്യുന്നു. നല്ലതും സമർത്ഥവുമായ ജീവിതം നൽകുവാൻ ധനത്തിനു മാത്രമേ സാധിക്കൂ എന്ന ആശയമാണ് ലോകം പകർന്നു നൽകുന്നത്. നമ്മുടെ കൂറ് ഉറപ്പിക്കുന്നതിനായി സാത്താൻ നമുക്കു നൽകുന്ന മുഖംമൂടിയാണ് പണം. ക്രിസ്ത്യാനികൾക്കെതിരെ സാത്താൻ പ്രയോഗിക്കുന്ന ആയുധങ്ങളിൽ ഒന്നാണു ഭൗതികത. ധനം ഇഷ്ടമില്ലാത്തവരായി ആരാണുള്ളത്? തൽക്ഷണ സംതൃപ്തി നൽകുന്നു എന്നതാണ് ധനത്തിന്റെ നേട്ടം എങ്കിലും ആത്യന്തികമായി നമ്മുടെ ആഴമേറിയ ആവശ്യങ്ങളെ നേടിത്തരുവാൻ അതിന് ഒരിക്കലും സാധിക്കുകയില്ല.

**ഞായർ ഡിസംബർ 31**

**ഈ ലോകത്തിന്റെ ദൈവം**

ധനം ഈ ലോകത്തിന്റെ ദൈവവും ഭൗതികത അതിന്റെ മതവും ആകുന്നു. താൽക്കാലിക സുരക്ഷിതത്വം മാത്രം പ്രദാനം ചെയ്യുന്ന പരിഷ്കൃതവും വഞ്ചനാത്മകവുമായ വ്യവസ്ഥിതിയാണു ഭൗതികഭോഗാസക്തി.

ധനത്തോടുള്ള ആഗ്രഹത്തിന് ആത്മീക യാഥാർത്ഥ്യങ്ങളെക്കാൾ പ്രാധാന്യവും വിലയും ഉണ്ടാകുന്ന അവസ്ഥയെയാണ് നാം ഭൗതികത എന്നതിലൂടെ ഇവിടെ അർത്ഥമാക്കുന്നത്. സമ്പത്തിനു വിലയുണ്ടാകാം. അത് പക്ഷേ നമ്മെ കൈവശമാക്കി

വയ്ക്കുവാൻ പാടില്ല. "ദ്രവ്യപ്രിയനു ദ്രവ്യം കിട്ടീട്ടും ഐശ്വര്യ പ്രിയനു ആദായം കിട്ടീട്ടും തൃപ്തിവരുന്നില്ല" (സഭാ. 5:10) ഇതാണ് സമ്പത്തിൽ ആശ്രയിക്കുന്നതിന്റെ പ്രശ്നം. എത്ര കിട്ടിയാലും മതിയാവില്ല; പൂർണ്ണ സംതൃപ്തി തരുവാൻ സാധിക്കാത്ത ഇതിനെ കൂടുതൽ ആർജ്ജിക്കുവാനായി അധികമധികം ശക്തിയോടെ ശ്രമിക്കുന്നുവെങ്കിൽ തീർച്ചയായും അതൊരു കെണിയായിത്തീരും!

**വായിക്കുക:** 1 യോഹ. 2:16-17. ഈ വാക്യങ്ങൾ നമ്മെ എന്ത് പഠിപ്പിക്കുന്നു? ലൂക്കൊ. 14:26-33 വരെയുള്ള ഭാഗത്തു യേശു നമ്മോടു പറയുന്നതെന്ത്? ക്രിസ്ത്യാനിക്കേറ്റം പ്രധാനപ്പെട്ടത് എന്താണ്?

"ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന് എന്തു പ്രയോജനം?" (മർക്കൊ. 8:36). ധനവും ധനത്തോടുള്ള മോഹവും മറ്റു സകലത്തെയും തകർക്കുന്ന വസ്തുവായി മാറുന്നുണ്ടെങ്കിൽ നാം തീർച്ചയായും അതിന്റെ അപകടത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

"ക്രിസ്തു ഭൂമിയിൽ വന്നപ്പോൾ മനുഷ്യത്വം അതിന്റെ ഏറ്റം താണ അവസ്ഥയിലേക്കു പോകുന്നതുപോലെ തോന്നി. സമൂഹത്തിന്റെ അടിസ്ഥാനങ്ങൾ ദുർബലപ്പെട്ടു ജീവിതം വ്യാജവും കൃത്രിമവുമായി.... മതത്തിന്റെ എല്ലാ സ്വാധീനവും ലോകം മുഴുവനുള്ള മനുഷ്യരിൽനിന്നും മാഞ്ഞുകൊണ്ടിരുന്നു. കെട്ടുകഥയും കാപട്യവും കൊണ്ട് വെറുപ്പു വർദ്ധിക്കുകയും ചിന്താശക്തിയെ മുക്കിക്കളയുമാറ് അവിശ്വാസത്തിലേക്കും ഭൗതികതയിലേക്കും മനുഷ്യർ തിരിയുകയും ചെയ്തു. നിത്യതയെ സങ്കല്പങ്ങളിൽ ഉപേക്ഷിച്ചിട്ടു വർത്തമാനകാലത്തിൽ മാത്രം ജീവിച്ചു" EGW Edu PP 74-75.

അവിശ്വസ്തതയിലേക്കും ഈശ്വര നിന്ദയിലേക്കും ഭൗതികതയിലേക്കും ആകൃഷ്ടരായി നാളയെക്കുറിച്ച് ചിന്തിക്കാതെ ജീവിക്കുന്നവരെക്കുറിച്ചു ചിന്തിക്കുക. കേട്ടിട്ടില്ലാത്ത കാര്യമാണോ ഇത്?

വസ്തുക്കൾ സ്വന്തമാക്കുവാൻ ഇഷ്ടപ്പെടാത്തവർ ആരാണ്? നാം സ്വന്തമാക്കുന്ന വസ്തുക്കൾ - അധികമല്ലെങ്കിലും - നമ്മെയും സ്വന്തമാക്കുന്നുണ്ട് എന്നു നമുക്കെങ്ങനെ അറിയുവാൻ കഴിയും? ആരു മാത്രമാണ് നമ്മെ സ്വന്തമാക്കേണ്ടത്? നാം ആ വ്യക്തിയുടെ സ്വന്തമായി തീർന്നിരിക്കുന്നു എന്ന് നമുക്കെങ്ങനെ ഉറപ്പാക്കാം?

**തിങ്കൾ** **ജനുവരി 1**

**കളപ്പുരകളെ നിറയ്ക്കുക**

**വായിക്കുക:** ലൂക്കൊ. 12:15 -21. എന്ത് ദൂതാണ് നമുക്കിവിടെ ഉള്ളത്? ധനികരല്ലാത്തവർക്കും ഈ തത്വങ്ങൾ എങ്ങനെ ബാധകമാകുന്നു?

ധനിക ദരിദ്ര്യഭേദമെന്യേ, സമ്പത്തിനോടുള്ള ആഗ്രഹം യഥാർത്ഥ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിൽനിന്നും മനസ്സിനെ വലിച്ചു മാറ്റുകയും താൽക്കാലികവും നശ്വരവും നിത്യജീവനുമായി തുലനം ചെയ്യുമ്പോൾ ഒന്നുമല്ലാത്തതുമായ കാര്യങ്ങളിലേക്ക് നമ്മെ നയിക്കുകയും ചെയ്യും.

നാം ഇന്ന് ഒരുപക്ഷേ സ്വർണ്ണ വിഗ്രഹങ്ങളെ നേരിട്ട് കുനിഞ്ഞു നമസ്കരിക്കുന്നുണ്ടാകില്ല. എന്നാൽ മറ്റു രീതികളിൽ സ്വർണ്ണത്തെയും വെള്ളിയെയും ആരാധിക്കുന്നു എന്ന അപകടത്തിലേക്കു നാം എത്തിപ്പെടുന്നുണ്ടാകും.

സമ്പത്തു നേടുക എന്നതിനു വേണ്ടി മാത്രം ജീവിതത്തെ അമിതമായി സമർപ്പിക്കുന്ന സകലർക്കും ഈ ഉപമ വളരെ ഉചിതമാണ്. ചില്ലറ കച്ചവടക്കാർ അവരുടെ ഉല്പന്നങ്ങളെ ആഗോളതലത്തിൽ ഒരു അത്യാർത്തിയുടെ കലാരൂപമാക്കി മാറ്റിയിരിക്കുന്നു. അവരുടെ ഉല്പന്നം വാങ്ങുന്നതുവരെ നമുക്കു സന്തോഷം അനുഭവിക്കുവാൻ കഴിയുകയില്ല എന്ന തോന്നൽ നമ്മിൽ ജനിപ്പിക്കും വിധത്തിലുള്ളവയാണ് അവരുടെ വിപണന തന്ത്രങ്ങൾ. പ്രത്യാശയില്ലാതെ ജീവിക്കുന്നവരാണെങ്കിൽ ക്രിസ്ത്യാനികളും ഈ വഞ്ചനയിൽ വീണുപോകും.

**വായിക്കുക:** ആവ. 8:10–14. എന്ത് അപകടത്തെക്കുറിച്ചാണ് ഈ വേദഭാഗം വിശ്വാസിക്കു മുന്നറിയിപ്പ് നൽകുന്നത്? സമ്പത്തിന്റെയും ഭൗതിക വസ്തുക്കളുടെയും സമാഹരണം ഒരു വ്യക്തിയുടെ ആത്മീകത, ദൈവസ്നേഹം, സ്വർഗ്ഗീയവും ആത്മീയവുമായ കാര്യങ്ങൾ എന്നിവ വർധിപ്പിച്ചതായി വേദപുസ്തകത്തിൽ നിന്നോ നാം ജീവിക്കുന്ന ഈ ലോകത്തിൽ നിന്നോ എന്തെങ്കിലും ഉദാഹരണങ്ങൾ കണ്ടെത്തുവാൻ താങ്കൾക്കു സാധിക്കുമോ? ക്ലാസ്സിലുള്ളവരുമായി ഉത്തരം പങ്കുവെക്കുക.

**ചൊവ്വ** **ജനുവരി 2**

**ഭൗതികതയുടെ വശീകരണം**

പരസ്യങ്ങളുടെ ലോകം ഇന്നു വളരെ ശക്തമാണ്. അവരവരുടെ ഉല്പന്നങ്ങളുടെ മാതൃകകളെ നമ്മുടെ മുൻപിൽ എത്തിക്കുവാനായി കമ്പനികൾ ഇന്ന് ശതകോടികൾ മുടക്കിക്കൊണ്ടിരിക്കുന്നു. അവരുടെ വസ്തുക്കളെ പ്രചരിപ്പിക്കുന്നതിനായി അവർ മിക്കപ്പോഴും ഏറ്റവും ആകർഷണീയതയും സൌന്ദര്യവുമുള്ള മനുഷ്യരെ പരസ്യങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നു. ഈ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികളുമായി നാം നമ്മെ താരതമ്യം ചെയ്യുന്നു.

പരസ്യങ്ങളിലുള്ള നിശിതവും നിഗൂഢവുമായ സുഖലോലുപതയുമായി ഇഴചേരപ്പെടുന്നില്ലെങ്കിൽ ലൗകികതയ്ക്ക് അത്ര ഫലം ലഭിക്കുകയില്ല എന്നതു പരസ്യങ്ങളുടെ ഏറ്റവും ശക്തമായ സാങ്കേതിക തത്വമാണ്. ഇത് ലൗകികതയിൽ നിന്നും മോചനം പ്രാപിക്കുവാൻ പോരാടുന്ന ക്രിസ്ത്യാനിയുടെമേൽ വിഷംപോലെ പ്രവർത്തിക്കുന്നു. നാം ഓരോരുത്തരും അതിൽ ഇരകളാക്കപ്പെടുന്നു.

**വായിക്കുക:** മത്താ. 6:22–24. ക്രിസ്തീയ ചിന്തയിലും പ്രവൃത്തിയിലും കണ്ണ് എന്തിനെ പ്രതിനിധീകരിക്കുന്നു? നമുക്കു വേണ്ടാത്തതും എന്നാൽ നമ്മെ പ്രലോഭിപ്പിക്കുന്നവയുമായ നിഗൂഢ വസ്തുക്കളോടു ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ പ്രതികരണം എപ്രകാരമുള്ളതായിരിക്കണം?

ചില്ലറ വ്യാപാരികളുടെ ഉല്പന്നങ്ങളെ സുഖലോലുപതയുമായി ബന്ധിപ്പിക്കുവാനുള്ള ശക്തമായ ആയുധമാണ് പരസ്യങ്ങൾ. ഉപഭോക്താക്കളുടെ മനസ്സിൽ

ആവേശമുയർത്തിയാണ് അവർ ഉല്പന്നങ്ങളെ വിറ്റഴിക്കുന്നത്. വെറും ഭാവന മാത്രമാണെങ്കിലും അത് വിജയം കാണുന്നു. ഏകദേശം എല്ലാംതന്നെ നിഗൂഢമാണെങ്കിലും അതിന്റെ ചടുലതയിലൂടെ ജനങ്ങളെ വേറേതോ അനുഭവ തലങ്ങളിലേക്കു കൊണ്ടുപോകുന്നു. അറിവോ ആത്മീയ സത്യമോ നൽകാത്ത വെറും വ്യാജമതമായി അത് തീരുന്നുവെങ്കിലും താൽക്കാലികമായി വളരെ വശ്യവും മോഹനവുമായി തോന്നുകയാൽ അനേകരും അതിനെ ചെറുക്കുന്നില്ല. നമുക്കതു വേണം, നാം അത് അർഹിക്കുന്നു, എങ്കിൽ പിന്നെ എന്തുകൊണ്ട് ആയിക്കൂടാ? നമുക്കുവേണം എന്നു പരസ്യ കമ്പനികൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്ന വസ്തുക്കൾക്കായി എത്ര വലിയ തുക നാം ചിലവാക്കി, ഇനിയും എത്ര അധികം ചെലവാക്കും എന്നത് ദൈവം മാത്രം അറിയുന്നു.

"ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു"(ഗലാ. 5:16). 'ജഡത്തിന്റെ മോഹം' എന്നതിനെ നാം പലപ്പോഴും ലൈംഗികതയോടു ചേർത്താണു ചിന്തിക്കാറുള്ളതെങ്കിലും മറ്റ് ഏതെല്ലാം വിധങ്ങളിൽ അതു നമുക്ക് അപകടകരിയാണ്?

**ബുധൻ** **ജനുവരി 3**

**സ്വാർത്ഥത**

"ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു" (റോമ.12:3) ദൈവം പറയുന്നു. "നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി" (യെഹെ. 28:17). യഥാർത്ഥത്തിൽ ആയിരുന്നതിനെക്കാളും വലിയവനാണ് ഞാൻ എന്ന ചിന്തയാൽ ലൂസിഫർ സ്വയം വഞ്ചിച്ചു. "അത്യുന്നതനോടു സമനാകും" (യെശ. 14:14) എന്ന പ്രസ്താവനയിലൂടെ അവൻ തന്റെ സ്വാർത്ഥ മോഹത്തെ വെളിവാക്കുകയും തനിക്കില്ലാത്ത അവകാശങ്ങൾ ഉറപ്പിക്കുകയും ചെയ്തു. ആത്മവഞ്ചനയും അതിമോഹവുമായിരുന്നു ലൂസിഫറിന്റെ പ്രത്യേകതകൾ.

മൂലപാപം ആത്മാരാധന (narcissism) ആയിരുന്നു. തന്നെത്തന്നെ ആരാധിക്കുന്നവനായിരുന്നു ലൂസിഫർ എന്നാണ് അവന്റെ വീഴ്ചയെ കുറിക്കുന്ന ഈ വാക്യങ്ങൾ നമ്മോടു പറയുന്നത്. തന്നോടു തന്നെയുള്ള അമിതമായ ആകർഷണം, ആത്മസ്നേഹം, ദുരഭിമാനം എന്നൊക്കെ നമുക്കതിനെ വിളിക്കാം. ഇതിനെക്കാൾ വലിയ എന്തു മോശസ്വാഭാവങ്ങളാണ് ആത്മവഞ്ചനയ്ക്കായി പാപികളായ മനുഷ്യരിൽ കാണുവാൻ കഴിയുക?

ഈ ലക്ഷണങ്ങൾ നാം ചിന്തിക്കുന്നതിലുമധികം വ്യാപകമായിരിക്കുന്നു, നെബൂഖദ്നേസറും തന്നെത്തന്നെ വലിയവനാക്കി കരുതി അഹങ്കരിച്ചു (ദാനീ.4:30). പരീശന്മാരും വഷളായ ഇതേ ഭാവനയുടെ ഇരകളായിരുന്നു (ലൂക്കൊ. 18:11-12). വളരെ ശ്രദ്ധാലുക്കളായിരിക്കുന്നില്ലെങ്കിൽ ധനം നമ്മെയും ഈ ചിന്താഗതിയിലെത്തിക്കും.

വായിക്കുക: 1 തിമൊ. 6:10. പൗലൊസ് എന്ത് അപകട സൂചനയാണ് നമുക്ക് നൽകുന്നത്?

'ദ്രവ്യാഗ്രഹികൾ' ഉൾപ്പെടെ മോശപ്പെട്ട സ്വഭാവമുള്ള അനേകരെ സൂക്ഷിച്ചു കൊള്ളുവാൻ പൗലൊസ് തിമൊഥെയൊസിനെ ഉപദേശിച്ചു (2 തിമൊ. 3:1-5). ഇത്തരത്തിലുള്ള ദ്രവ്യാഗ്രഹം അമിതമായ അത്മവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയും തണ്ടും തലക്കനവും ദുരഭിമാനവും സ്വാർത്ഥത നിറഞ്ഞ മനോഭാവവും വളർത്തുകയും ചെയ്യുന്നു. അധികം ധനം ഉള്ളവരിൽ ഭൗമികത ഊതിവീർപ്പിക്കപ്പെട്ട തലക്കനത്തെ ഉളവാക്കുന്നു. അധികം ധനം കയ്യിൽ വരുമ്പോൾ ആയിരിക്കുന്നതിലും വലിയവനാണ് ഞാൻ എന്നു ചിന്തിക്കുക വളരെ എളുപ്പമാണ്. ധനികരാകുവാൻ എല്ലാവർക്കും ആഗ്രഹമുണ്ടെങ്കിലും ചുരുക്കം പേർക്കു മാത്രമേ അതിനു സാധിക്കയുള്ളു. അതിനാലാണ് ധനികാരകുവാൻ സാധിച്ച ചുരുക്കം പേർ ജഡസ്വഭാവികളും ആത്മപ്രശംസകരും അഹങ്കാരികളുമായി മാറുന്നത്.

ഫിലി. 2:3 വായിക്കുക : ക്രിസ്തീയ ആദർശങ്ങൾക്കു കടകവിരുദ്ധമായ കാര്യമാണ് ഭൗതികവാദം എന്നു മനസിലാക്കുവാൻ ഈ വാക്യം എങ്ങനെ സഹായിക്കുന്നു?

**വ്യാഴം** **ജനുവരി 4**

**ഭൗതികതയുടെ ആത്യന്തിക വ്യർത്ഥത**

ദൈവത്തെ സ്നേഹിക്കുന്ന അനേകരുണ്ട്. ഭൗതിക സമ്പത്തുകൾക്കു ബഹിഷ്കരിക്കുവാൻ സാധിക്കാത്ത വിധം അവരുടെ വ്യക്തിത്വം അവന്റേതുമായി ഏകീഭവിക്കപ്പെട്ടിരിക്കുന്നു.

**വായിക്കുക:** ആവ. 7:6; 1 പത്രൊ. 2:9; യോഹ 15:5; ഗലാ. 2:20. ദൈവത്തിന്റെ സമ്പത്തു എന്നാൽ എന്ത്? നമ്മുടെ യഥാർത്ഥ വ്യക്തിത്വം നമുക്കെവിടെ കണ്ടെത്താം?

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു;... എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല"(യോഹ. 15:5) എന്ന് ദൈവം പറയുന്നു. ഈ ബന്ധം നേരിട്ടുള്ളതും സുരക്ഷിതവുമാണ്. "യഥാർത്ഥ അനുസരണം ഹൃദയത്തിൽ നിന്നും വരുന്നു. ഹൃദയം ക്രിസ്തുവുമായി ചേർന്നു പ്രവർത്തിക്കുന്നു. നാം അനുവദിക്കുകയാണെങ്കിൽ അവൻ നമ്മുടെ ചിന്തകളോടും ലക്ഷ്യങ്ങളോടും ചേർന്നു പ്രവർത്തിക്കുകയും അവന്റെ ഇഷ്ടത്തോടു നമ്മുടെ ഹൃദയങ്ങളെ ഉറപ്പിക്കുകയും ചെയ്യും. അങ്ങനെ അനുസരണം എന്നത് ഒരു പ്രചോദനമായി മാറും." EGW DA, P 668.

ഭൗതികത നമുക്കു തരുന്നതു നമ്മുടെ സമ്പത്തുകൾക്കു പര്യായവും സമാനവുമായ രൂപ സാദൃശ്യമാണ്. ഈ ലോകത്തിൽ നമുക്കെന്തൊക്കെയുണ്ട്, എന്തൊക്കെ ഇനിയും ഉണ്ടാക്കുവാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും നാം നമ്മെത്തന്നെ നിർവചിക്കുന്നത് എന്ന് സാരം. യാക്കോബ് ഇതിനെതിരായി നമുക്ക് മുന്നറിയിപ്പു തരുന്നു. "നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു; ആ കറ നിങ്ങ

ളുടെ നേരെ സാക്ഷിയാകും; അതു തീപോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും, അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു" (യാക്കോ. 5:3). 'ശേഖരിച്ചിരിക്കുന്നു'എന്നാൽ അനവധി സമ്പത്തുകൾ സംഭരിച്ചു സൂക്ഷിച്ചിരിക്കുന്നു എന്നാണ് അർത്ഥം. ഈ സമ്പത്തിന്റെ അളവ് എത്രയായാലും അതിന്റെ അടിസ്ഥാനത്തിലാണു പലരും തങ്ങളെത്തന്നെ വിലയിരുത്തുന്നത് എന്നതാണ് പ്രധാനം. (ലൂക്കൊ. 12:19–21).

സ്വയം വിലയിരുത്തുന്നതിലും തിരിച്ചറിയുന്നതിലുമുള്ള ഒരു കുഴച്ചിൽ അഥവാ സംഭ്രമമാണ് ഭൗതികത. നമ്മിൽ അനേകരുടെയും വ്യക്തിത്വം സമ്പത്തുമായി ഇഴചേർക്കപ്പെട്ടിരിക്കുന്നു. സമ്പത്തു നമ്മുടെ ദൈവമായി മാറുന്നു. (മത്താ. 6:19–21) 'എന്റെ വസ്തുവകകളെ കൂടാതെ ഞാനൊന്നുമല്ല' എന്ന ചിന്തയിലേക്ക് നാം എത്തുന്നത് എത്രയോ ദുഃഖകരമായ സംഗതിയാണ്. ക്രിസ്ത്യാനിയെന്ന് അവകാശപ്പെടുന്ന ഒരുവൻ ഇങ്ങനെയാകുമ്പോൾ അവന്റെ ജീവിതം എത്രയോ പൊള്ളയായതും നശ്വരവും ആത്യന്തികമായി ഫലശൂന്യവുമായ ഒന്നായിത്തീരുന്നുവെന്ന് ചിന്തിക്കുക. നാം നമ്മെ ദൈവത്തോടൊപ്പമാണോ അതോ നമ്മുടെ സമ്പത്തുകൾക്കൊപ്പമാണോ സാദൃശ്യപ്പെടുത്തുന്നത്? ആത്യന്തികമായി നാം ഏതെങ്കിലും ഒന്നിൽ നമ്മെത്തന്നെ കണ്ടെത്തും.

ഭൗമിക സമ്പത്തു നിങ്ങളുടെ വ്യക്തിത്വത്തെ എത്രമാത്രം സ്വാധീനിക്കുന്നു?

**വെള്ളി** **ജനുവരി 5**

**കൂടുതൽ ചിന്തയ്ക്ക്:** തുച്ഛമായ വിലക്കു ശത്രു ഇന്ന് ആത്മാക്കളെ വാങ്ങിക്കൊണ്ടിരിക്കുന്നു. "വിലവാങ്ങാതെ നിങ്ങളെ വിറ്റുകളഞ്ഞു" (യെശ. 52:3) എന്നത് ദൈവ വചനമാണ്. ഈ ലോകത്തിന്റെ കയ്യടി നേടുന്നതിനായും പണത്തിനായും അധമമായ കാമവികാരങ്ങളെ തൃപ്തിപ്പെടുത്തുവാനും ലൗകിക വിനോദങ്ങൾക്കായും ഓരോരുത്തരും അവരവരുടെ ആത്മാക്കളെ വിറ്റുകൊണ്ടിരിക്കുന്നു. ഇതിനായുള്ള വിലപേശലുകൾ ദിനംതോറും നടക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരെ നിസ്സാര വിലയ്ക്കു വാങ്ങുവനാണു സാത്താൻ ശ്രമിക്കുന്നത്. അവരുടെ വീണ്ടെടുപ്പിനായി ക്രിസ്തു മുടക്കിയ അനന്തമായ വിലയെക്കുറിച്ച് അവർ ഗൗനിക്കുന്നില്ല" EGW Testimonies Vol 5 P 133.

ലൗകികതയിലൂടെ ആത്മാക്കളെ വാങ്ങുക എന്നത് സാത്താന്റെ ലക്ഷ്യമാണ്. അതിനായി അവൻ സൃഷ്ടിക്കുന്ന ഉപരിതല കുരുക്കുകൾ എല്ലാവർക്കും വശ്യമായി തോന്നുകയും ചെയ്യുന്നു. ഭൗതികതയ്ക്ക് സംസാരശേഷിയില്ല എങ്കിലും അതിനു സകല ഭാഷയും വശമുണ്ട്. ധനികനും ദരിദ്രനും ഒരുപോലെ ആനന്ദവും സംതൃപ്തിയും നൽകുവാൻ അതിനറിയാം. 'എനിക്ക് വേണ്ടതെല്ലാം ഇവിടെയുള്ളപ്പോൾ മറ്റൊന്നിനെക്കുറിച്ചു ഞാനെന്തിന് ചിന്തിക്കണം?' എന്ന് അത് അവരെക്കൊണ്ടു പറയിപ്പിക്കുന്നു. ലൗകികത മനുഷ്യ മനസ്സുകളെ ദുഷിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സമ്പത്തിൽ ആശ്രയം വയ്പാൻ അത് ഇടയാകുന്നു.

“സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ” (സെഖ. 4:6) എന്നത് മാത്രമാണ് ഇതിനുള്ള മറുമരുന്ന്. നാം നമ്മെത്തന്നെ ദൈവ കരങ്ങളിൽ ഏല്പിച്ചു കൊടുക്കുകയും അവന്റെ കൃപയാൽ ഞാൻ ലൗകികതയാൽ നിയന്ത്രിക്കപ്പെടുകയില്ല എന്നു തീരുമാനിക്കുകയും ചെയ്യുമെങ്കിൽ നമ്മുടെ മേൽ ആവസിക്കുന്ന പരിശുദ്ധാത്മാവിനെ ചെറുക്കുവാൻ ഭൗതികതക്കു ഒരിക്കലും സാധിക്കുകയില്ല.

**ചർച്ച ചെയ്യുക:**

1. ഏതെല്ലാം വഴികളിലൂടെയാണു പാവപ്പെട്ടവരും ലൗകികത എന്ന അപകടത്തിൽ പ്പെടുന്നത്?
2. ‘പണം എനിക്കൊരു വിഷയമേ അല്ല. എന്നെ സംബന്ധിച്ചിടത്തോളം പണത്തിന് ഒരു പ്രാധാന്യവുമില്ല’ എന്നു പറയുന്നവരുണ്ട്. ഇങ്ങനെ പറയുന്നവരിൽ മിക്കവരും ധനികരുമാണ്. ഈ പറച്ചിൽ ശരിയല്ലാതാകുന്നതെന്തുകൊണ്ട്? പണത്തിനു വളരെ പ്രാധാന്യമുണ്ട്; അതിനു നമ്മുടെ ജീവിതത്തിൽ ഒരു ധർമ്മവും ഉണ്ട്. പണത്തെയും അതിന്റെ ആവശ്യകതയെയും ശരിയായ വേദപുസ്തക കാഴ്ചപ്പാടിൽ നിർത്തുവാൻ നമുക്കെങ്ങനെ കഴിയും?
3. പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു.......നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയം ഇരിക്കും” (മത്താ. 6:19–21). യേശുവിന്റെ ഈ ഉപദേശം ശ്രദ്ധിക്കുക. ഭൗതികതയുടെ അപകടത്തിൽനിന്നും നമ്മെ രക്ഷിക്കുവാൻ ഈ വചനങ്ങൾ എത്രമാത്രം ശക്തമാണ്?